# സെന്റർ അംഗീകാരം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

1) കാലാകാലങ്ങളിൽ പഠനകേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനു വേണ്ടി പഠനകേന്ദ്രങ്ങളെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം കേരളാ സ്റ്റേറ്റ് റൂട്രോണിക്സ് നൽകുന്നതായിരിക്കും. നിലവിലുള്ള തൊട്ടടുത്ത പഠനകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പട്ടണത്തിലും, ഗ്രാമപ്രദേശങ്ങളിലും ദൂരപരിധി പരിശോധിച്ച് റൂട്രോണിക്സ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമായിരിക്കും പുതിയ സെന്ററുകൾ അനുവദിക്കുക. നിലവിലുള്ള സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമം അല്ലായെങ്കിൽ ഈ നിബന്ധനയിൽ മാറ്റം വരുത്തുവാൻ കേരളാ സ്റ്റേറ്റ് റൂട്രോണിക്സിന് അധികാരമുണ്ടായിരിക്കുന്നതാണ്. സെന്റർ അനുവദിക്കുമ്പോൾ കോളേജുകൾക്കും, സ്കൂളുകൾക്കും മുൻഗണന ഉണ്ടായിരിക്കും.

2) പഠിതാക്കളുടെ കോഴ്സ് രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഓരോകുട്ടികളുടേയും പേരിലാണ് കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ അടയ്ക്കേണ്ടത്. ഇതിനുവേണ്ടിയുള്ള സജ്ജീകരണം പഠിതാക്കൾക്ക് സെന്റർ ഉറപ്പുവരുത്തണം.

3) കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ നിന്നും ലഭ്യമാക്കുന്ന സെന്റർ അപ്രൂവൽ സർട്ടിഫിക്കറ്റ് പഠനകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണം.

4) ഒരു സ്ഥലത്ത് ഒന്നിൽ കൂടുതൽ പഠനകേന്ദ്രത്തിനു അപേക്ഷ ലഭിച്ചാൽ അവ എല്ലാം പരിശോധിച്ച് മാനദണ്ഡപ്രകാരം അടിസ്ഥാനസൗകര്യങ്ങൾ ഉള്ള മികച്ച സ്ഥാപനത്തിന് ആയിരിക്കും അംഗീകാരത്തിന് അനുമതി നൽകുന്നത്.

5) പഠനകേന്ദ്രത്തിന് അനുമതി ലഭിച്ചാൽ കേരളാ സ്റ്റേറ്റ് റൂട്രോണിക്സിൽ നിന്നും അനുവദിച്ചു നൽകുന്ന ഡിസൈൻ അനുസരിച്ചുള്ള Name ബോർഡ് ആയിരിക്കണം പ്രദർശിപ്പിക്കേണ്ടത്.

6) രാഷ്ട്രീയപരമായ വിഷയങ്ങളോ, സാമൂഹികപരമായി അപചയങ്ങൾ ഉണ്ടാകുന്ന തരത്തിലുള്ളതായ പരാമർശങ്ങൾ ബോർഡിലോ, സെന്ററിലോ, പരസ്യങ്ങളിലോ, വെബ്സൈററിലോ, ഇതര രേഖകളിലോ, പ്രചരണ വസ്തുക്കളിലോ ഉപയോഗിക്കാൻ പാടുള്ളതല്ല.

7) കേരള സ്റ്റേറ്റ് റൂട്രോണിക്സിന്റെ പഠനകേന്ദ്രത്തിന് അംഗീകാരം ലഭിച്ച സ്ഥലത്ത് മറ്റ് സ്ഥാപനങ്ങളുടെ കോഴ്സുകളോ, തനതായ കോഴ്സുകളോ നടത്തുവാൻ പാടില്ല.

8) കേരളാ സ്റ്റേറ്റ് റൂട്രോണിക്സിന്റെ അംഗീകൃത പഠനകേന്ദ്രമാകുന്ന പുതിയ സെന്ററിന് അഞ്ചു വർഷത്തിനുള്ളിൽ ഉടമസ്ഥാവകാശ കൈമാറ്റം അനുവദനീയമല്ല. അഥവാ മതിയായ കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം മാറേണ്ട സാഹചര്യം വന്നാൽ റൂട്രോണിക്സ് നിബന്ധനകൾക്ക് വിധേയമായിരിക്കും ഈ മാറ്റം.

9) ഏതെങ്കിലും കാരണത്താൽ സെന്റർ നിർത്തേണ്ട സാഹചര്യം വന്നാൽ അതുവരെ അവിടെ പരിശീലനം ലഭിച്ചുക്കൊണ്ടിരിക്കുന്ന റൂട്രോണിക്സിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ പഠനം സമയബന്ധിതമായി പൂർത്തീകരിച്ച് പരീക്ഷയ്ക്ക് രജിസ്ട്രർ ചെയ്യുവാനുള്ള ഉത്തരവദിത്വം സെന്റർ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

10) പഠനകേന്ദ്രങ്ങളിൽ നിന്നും ഓരോ അധ്യയന വർഷവും റൂട്രോണിക്സ് നിശ്ചയിക്കുന്ന നിശ്ചിത എണ്ണം പഠിതാക്കളെ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സ്ഥാപനങ്ങളുടെ അംഗീകാരം പുതുക്കി നൽകുന്നതല്ല.

11) റൂട്രോണിക്സിന്റെ അംഗീകാരം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തണം. അതിനു വേണ്ടി വനിതാ ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പരുകൾ നിർബന്ധമായും സെന്ററുകളിൽ പ്രദർശിപ്പിക്കണം. ഇതിന്റെ ചുമതല സെന്റർ ഉടമസ്ഥനിൽ നിക്ഷിപ്തമാണ്. അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾ നിയമാനുസൃതമായി സ്ഥാപിതമായവ ആയിരിക്കണം.

12) സെന്ററിന്റെ രജിസ്ട്രേഷൻ/പുതുക്കൽ, പഠിതാക്കളുടെ കോഴ്സ് രജിസ്ട്രേഷൻ, പരീക്ഷ ഫീസ് മുതലായ വിവിധ ഇനങ്ങളിൽ അടയ്ക്കുന്ന തുക തിരിച്ച് നൽകുന്നതല്ല.

13) സെന്റർ ഡയറക്ടേഴ്സിന് എതിരായി കോടതികളിൽ ക്രിമിനൽ കേസ് നിലവില്ലായെന്ന് സ്വയം സാക്ഷ്യപ്പെടുത്തണം. ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകണം.

14) പഠനകേന്ദ്രങ്ങൾ തമ്മിൽ അനാരോഗ്യകരമായ മത്സരം പാടുള്ളതല്ല.